## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 172

16/06/2014 - ൽ മറുപടിക്ക്

## വിഴിഞ്ഞം അന്താരാഷ്ട്ര ടെർമിനൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>ശ്രീ. എം.എ. ബേബി :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. ബി. സത്യൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര ടെർമിനൽ പദ്ധതി പ്രവർത്തനം അനന്തമായി നീണ്ടു പോകുന്നതിനുള്ള മുഖ്യകാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ; | (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പാരിസ്ഥിതികാനുമതിക്കായുള്ള ടേംസ് ഓഫ് റഫറൻസ് 2011 ജൂൺ, ജൂലൈ മാസങ്ങളിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും അംഗീകരിച്ചു വാങ്ങി കേന്ദ്ര സർക്കാരിന്റെ അംഗീകൃത ഏജൻസിയെ കൊണ്ട് വിശദമായ പാരിസ്ഥിതിക പഠനങ്ങളും മറ്റു നിരവധി സാങ്കേതിക പഠനങ്ങളും നടത്തി, നിയമപരമായ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് പദ്ധതിക്ക് പാരിസ്ഥിതികാനുമതി 2014 ജനുവരി 3-ാം തീയതി ലഭ്യമാക്കി.<br><br>പാരിസ്ഥിതികാനുമതി ലഭ്യമായതിനുശേഷം മാത്രമേ തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിയമപരമായി നടത്തുവാൻ സാധിക്കുകയുള്ളൂ. പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുവേണ്ടി വന്ന സമയവും പഠനസമയത്ത് ഉയർന്നുവന്നിട്ടുള്ള നിരവധി പരാതികളും, ആശങ്കകളും അത് പരിഹരിക്കുവാൻ വേണ്ടി വന്ന സമയവും, പാരിസ്ഥിതികാനുമതിക്കെതിരെ ദേശീയ ഹരിത ട്രൈബ്യൂണലിൽ നിലവിലുള്ള കേസുകളുമാണ് പദ്ധതി ഇപ്പോൾ താമസിക്കുന്നതിനുള്ള മുഖ്യകാരണം. |

(ബി) പാരിസ്ഥിതികാനുമതി അന്തിമമായി ലഭിച്ചിട്ടുണ്ടോ ; പദ്ധതി വിഭാവനം ചെയ്തിരുന്ന ആദ്യഘട്ടത്തിൽ കണക്കാക്കിയതിലും എത്ര ശതമാനം തുക പദ്ധതിക്കായി ഇപ്പോൾ അധിക ചെലവ് വരുമെന്ന് വെളിപ്പെടുത്താമോ ; പദ്ധതിയുടെ മാസ്റ്റർ പ്ലാനിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 2006, 2011 നോട്ടിഫിക്കേഷൻ അനുസരിച്ച് പദ്ധതിക്ക് 2014 ജനുവരി 3-ാം തീയതിയിലെ F.No.11-122/2011-1A.III – ാം നമ്പർ കത്ത് പ്രകാരം പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്.

പദ്ധതിയുടെ ആദ്യഘട്ടമാതൃകയിൽ തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കണക്കാക്കിയിരുന്ന സംസ്ഥാന വിഹിതം 1646/- കോടി രൂപയായിരുന്നു. എന്നാൽ കേന്ദ്രത്തിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് (വി.ജി.എഫ്) ലഭ്യമാക്കികൊണ്ടുള്ള പുതുക്കിയ മാതൃക പ്രകാരം ഇതിനായി കണക്കാക്കിയിട്ടുള്ള സംസ്ഥാന വിഹിതം 1210/- കോടി രൂപയാണ്. ഇതിലൂടെ അടിസ്ഥാന വികസനത്തിനായുള്ള സംസ്ഥാന വിഹിതം ആദ്യഘട്ടം വിഭാവനം ചെയ്തതിൽ നിന്നും 26 ശതമാനത്തോളം കുറയുകയാണുണ്ടായത്.

തുറമുഖ വികസനത്തിനും നടത്തിപ്പിനുമായുള്ള സ്വകാര്യപങ്കാളിയുടെ വിഹിതം ആദ്യഘട്ടത്തിൽ കണക്കാക്കിയിരുന്നത് 970/- കോടി രൂപയാണ്. എന്നാൽ പുതുക്കിയ മാതൃക പ്രകാരം സ്വകാര്യ പങ്കാളിയുടെ വിഹിതം 3950/- കോടി രൂപയാണ്. ഇതിൽ 307 ശതമാനത്തോളം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതിന്റെ 40 % വരെ കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്ന് VGF (Viability Gap Funding) ലഭ്യമാക്കികൊണ്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. (ഈ തുകകളെല്ലാം റോഡ്, റെയിൽ, ജലം, വൈദ്യുതി, സ്ഥലമേറ്റെടുക്കൽ എന്നിവയിൽ സർക്കാർ ചെലവഴിക്കേണ്ട തുക ഒഴിച്ചുള്ളതാണ്).

9000 ടി.ഇ.യു വെസ്സൽ അടുപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരുന്ന ആദ്യഘട്ടത്തിലെ മാതൃകയിൽ നിന്നും 18,000 ടി.ഇ.യു വെസ്സൽസ് അടുപ്പിക്കുന്ന തരത്തിലേക്കുള്ള കാലാനുസൃതമായ മാറ്റങ്ങൾ വരുത്തികൊണ്ടാണ് പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഇപ്പോൾ ലോകത്തിലെ തന്നെയുള്ള ഏറ്റവും വലിയ മദർവെസ്സൽ അടുപ്പിക്കുന്നതിനുള്ള സൗകര്യത്തോടുകൂടിയാണ് തുറമുഖ പദ്ധതി രൂപകൽപന ചെയ്തിട്ടുള്ളത്.

| | | | |
|---|---|---|---|
| (സി) | പദ്ധതിക്കുള്ള പണസമാഹരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | (സി) | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ധനസമാഹരണത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ലീഡറായിട്ടുള്ള ബാങ്ക് കൺസോർഷ്യവും I.I.F.C (Indian Infrastructure Finance Company Ltd), HUDCO എന്നീ ധനകാര്യ സ്ഥാപനങ്ങളും ധനം നൽകുവാൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയ്ക്കായി 810 കോടി രൂപ സമാഹരിക്കേണ്ടതു ബോണ്ടുകളായാണ്. ഇതിനു വേണ്ടി റേറ്റിംഗ് പൂർത്തിയാക്കി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ.